പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5365 15.11.2019-ലെ മറുപടിക്ക്

## ഇരിങ്ങാലക്കുട ഡിപ്പോയിലെ ഒഴിവാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു. അരുണൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇരിങ്ങാലക്കുട കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നല്ല കളക്ഷൻ ലഭിച്ചുകൊണ്ടിരുന്ന ബസുകൾ മറ്റ് ഡിപ്പോകളിലേയ്ക്ക് മാറ്റിയതുമൂലം എത്ര സർവ്വീസുകളാണ് ഒഴിവാക്കിയത് എന്നറിയിക്കാമോ; | (എ) യും (ബി) യും | ഒരു സർവ്വീസ്.<br>(05.30 മണി ഇരിങ്ങാലക്കുട - തിരുവനന്തപുരം സൂപ്പർഫാസ്റ്റ്).<br>കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.5.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം - കോട്ടയം, തിരുവനന്തപുരം - എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04.8.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ, പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല. |
| (ബി) | പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ